# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :735      30.01.2019 ലെ മറുപടിയ്ക്ക്

**പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായം**

| | ചോദ്യം<br>ശ്രീ.കെ.എൻ.എ. ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ കുടുംബത്തിന് നൽകുന്ന ധനസഹായ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | എ) | ഏകവരുമാനദായകൻ മരണപ്പെടുന്ന കുടുംബത്തിന് 20.09.2012 ലെ സ.ഉ(കൈ) നം.128/12/പജപവവിവ ഉത്തരവ് പ്രകാരം 50,000/-രൂപ വരെ ധനസഹായമായി നൽകിവന്നിരുന്നു. |
| ബി) | ഈ ധനസഹായം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായി നൽകേണ്ട അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ; | ബി) | 22.11.2018 ലെ സ.ഉ(കൈ)നം.85/2018/ പജപവവിവ പ്രകാരം പ്രസ്തുത ധനസഹായം 2 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ധനസഹായം അനുവദിയ്ക്കുന്നതിലേയ്ക്ക് അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാന ദായകനായിരുന്നു എന്നുള്ള ബന്ധപ്പെട്ട തഹസിൽദാരുടെ റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് (അപകടമരണമാണെങ്കിൽ) തുടങ്ങിയ രേഖകൾ സഹിതം ബ്ലോക്ക് പട്ടികജാതി വികസന ആഫീസിൽ അപേക്ഷിക്കാവുന്നതാണ്. |
| സി) | കഴിഞ്ഞവർഷം ഈയിനത്തിൽ എത്ര കുടുംബങ്ങൾക്ക് എത്രതുക വീതം അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | സി) | ഈയിനത്തിൽ 2017-18 വർഷത്തിൽ 51 കുടുംബങ്ങൾക്കായി ആകെ 26,75,000/-രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**